**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 474** **17-09-2025 - ൽ മറുപടിയ്ക്ക്**

**കോങ്ങാട് മണ്ണാർക്കാട് ടിപ്പുസുൽത്താൻ റോഡ് നവീകരണ പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള കോങ്ങാട് മണ്ണാർക്കാട് ടിപ്പു സുൽത്താൻ റോഡ് നവീകരണ പ്രവൃത്തിയുടെ ഭാഗമായിട്ടുള്ളതും കാഞ്ഞിരപ്പുഴ ജലസേചന പദ്ധതിയുടെ ഭാഗമായ ഇടതുകര പ്രധാന കനാൽ ചെയിനേജ് 18/450 കി.മീറ്ററിലുള്ളതുമായ കനാൽ പാലം പുതുക്കി പണിയുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (എ) | കിഫ്ബി ഫണ്ട് വിനിയോഗിച്ച് നിർമ്മാണം പൂർത്തീകരിച്ച കോങ്ങാട് നിയോജക മണ്ഡലത്തിലെ കോങ്ങാട് മണ്ണാർക്കാട് ടിപ്പു സുൽത്താൻ റോഡ് പ്രവൃത്തിയുടെ രണ്ടാം ഘട്ടമായി നിർമിക്കുന്ന മൈനർ ബ്രിഡ്ജിന്റെ (കനാൽ പാലം) ഡിസൈനും എസ്റ്റിമേറ്റും എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയത്തിൽ നിന്നും ലഭിക്കുകയും ആയത് സൂക്ഷ്മപരിശോധന നടത്തുകയും ചെയ്തിട്ടുണ്ടെന്നും, എന്നാൽ കോങ്ങാട് മണ്ണാർക്കാട് ടിപ്പു സുൽത്താൻ റോഡ് പ്രവൃത്തിയുടെ ആദ്യഘട്ട പ്രവൃത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് വരുന്ന ടെക്നിക്കൽ കമ്മിറ്റിയിൽ വച്ച് അംഗീകാരം ലഭ്യമാക്കിയതിനു ശേഷം കിഫ്ബിയിൽ സമർപ്പിക്കേണ്ടതുണ്ടെന്നും, ഇതിന് ശേഷം കനാൽ പാലം പുതുക്കി പണിയുന്നതിനുള്ള എസ്റ്റിമേറ്റ് കൂടി ചേർത്ത് പുതുക്കിയ ധനാനുമതിക്കായി കിഫ്ബിയിൽ സമർപ്പിക്കുന്നതാണെന്ന് നിർവ്വഹണ ഏജൻസിയായ KRFB അറിയിച്ചിട്ടുണ്ട്. ഇപ്രകാരം പുതുക്കിയ എസ്റ്റിമേറ്റ് നിർവ്വഹണ ഏജൻസി കിഫ്ബിക്ക് സമർപ്പിയ്ക്കുന്ന മുറയ്ക്ക് ആയത് അവലോകനം നടത്തി കിഫ്ബി മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി ജനറൽ ബോഡി/ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി പുതുക്കിയ ധനാനുമതി നൽകുന്നതിനുള്ള നടപടികൾ കിഫ്ബി സ്വീകരിക്കുന്നതാണ്. ധനാനുമതി ലഭിച്ച ശേഷം സാങ്കേതിക അനുമതി നൽകി ടെൻഡർ ക്ഷണിച്ച് കനാൽ പാലം പ്രവൃത്തി നിർവ്വഹിക്കുന്നതിനുള്ള നടപടികൾ നിർവ്വഹണ ഏജൻസിയായ KRFB-ക്ക് സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ